(ബി) & (സി) മേൽപ്പറഞ്ഞ പാൽ ശീതീകരണ കേന്ദ്രത്തിന്റെ സംസ്കരണ ശേഷി ദിവസംപ്രതി 2000 ലിറ്ററാണ്. ഇതിനെ 5000 ലിറ്റർ സംസ്കരണ ശേഷിയുള്ള കേന്ദ്രമായിമാറ്റാൻ ഒരു പദ്ധതി കെ. എൽ. ഡി. ആൻഡ് എം. എം. ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള പാൽ ശീതീകരണ കേന്ദ്രത്തിന്റെ പ്രവർത്തന ക്ഷമത പരിശോധിച്ച് ഫലപ്രദമെന്ന് കണ്ടാൽ തക്ക നടപടികളും എത്രയും വേഗം സ്വീകരിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

638 [925] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എത്ര പേരെ നിയമിച്ചു;

(ബി) അതിൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ എത്ര;

(സി) നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ എത്ര;

(ഡി) ചില ഡിപ്പാർട്ടുമെന്റുകളിൽ ഗസറ്റഡ് റാങ്കിലുള്ള ചില തസ്തികകളിലേക്ക് അതാതു ഡിപ്പാർട്ടുമെന്റിൽ തന്നെ യോഗ്യതയുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരുള്ളപ്പോഴും സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി നേരിട്ടുള്ള നിയമനം നടത്തുന്നതിന്റെ മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) അങ്ങനെയുള്ള തസ്തികകളിലേക്ക് ഡിപ്പാർട്ടുമെന്റിലുള്ളവരെ എന്തുകൊണ്ട് പ്രമോട്ട് ചെയ്യുന്നില്ല?

ഉത്തരം

(എ), (ബി) & (സി) തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതുവരെയായി 373 ഗസറ്റഡ് തസ്തികകളും 5747 നോൺ ഗസറ്റഡ് തസ്തികകളും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുന്നതിന് റിസർവ്വു ചെയ്തിട്ടുണ്ട്. ഇതിൽ 1.8.1977 വരെ 164 ഗസറ്റഡ് തസ്തികകളിലും 3989 നോൺ ഗസറ്റഡ് തസ്തികകളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തിയിട്ടുണ്ട്.

(ഡി) & (ഇ) പബ്ലിക് സർവ്വീസിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിലേക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി ഡിപ്പാർട്ടുമെന്റിൽ യോഗ്യതയുള്ളവർക്ക് പ്രമോഷൻ കൊടുക്കുന്നതിന് വേണ്ടിയുള്ളതല്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി പ്രകാരം പബ്ലിക് സർവ്വീസിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി വേണം നടപ്പിലാക്കേണ്ടത്. ഡിപ്പാർട്ടുമെന്റിൽ യോഗ്യതയുള്ള ആളുകൾക്കും ഈ തസ്തികകളിലേക്ക് അപേക്ഷിക്കുവാൻ അവസരം ലഭിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ ഡിപ്പാർട്ടുമെന്റിലുള്ളവർക്ക് പ്രമോഷൻ കൊടുത്ത് നിയമിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly